# പതിമുന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6015 | 08.07.2013-ൽ മറുപടി പറയേണ്ടിയിരുന്നത് |
|---|---|

### ബാലവേല തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| കുട്ടികളെ കൊണ്ട് പണിയെടുപ്പിക്കുന്നത് തടയുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) ബാലവേലയുടെ പരിണിത ഫലങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ എല്ലാ ജില്ലകളിലും പ്രഗത്ഭരായ വ്യക്തികളെക്കൊണ്ട് ബോധവത്കരണ ക്ലാസ്സുകൾ/സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ഇത്തരം ക്ലാസ്സുകൾ/സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ജനശ്രദ്ധയാകർഷിക്കാൻ ബാലവേലയ്ക്കെതിരായ സന്ദേശങ്ങളടങ്ങുന്ന ഫ്ളെക്സുകളും, ബാനറുകളും, ഡയസിലും സെമിനാർ ഹാളിലേയ്ക്കുള്ള കവാടങ്ങളിലും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തൊഴിൽ വകുപ്പും സാമൂഹ്യനീതി വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും ജില്ലാ ഭരണകൂടവുമായി സഹകരിച്ച് സംയുക്തമായി ബാലവേല നിരോധനത്തിനായി ബോധവത്കരണ ക്യാമ്പുകളും തെരുവു നാടകങ്ങളും അവതരിപ്പിച്ചു വരുന്നു. ബാലവേല നിരോധന നിയമപ്രകാരം തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-2) മുതലുള്ളവരെ പരിശോധന ഉദ്യോഗസ്ഥരായി നിയമിച്ചിട്ടുണ്ട്. ആരെങ്കിലും 14 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളെ സ്കൂളിൽ അയയ്ക്കാതെ ഹോട്ടൽ ജോലികൾക്കും വീട്ടുജോലികൾക്കും ഇതര തൊഴിൽ മേഖലകളിലും കഠിനമായി പണിയെടുപ്പിക്കുന്നുവെങ്കിൽ ആ വിവരങ്ങൾ തൊഴിൽ വകുപ്പിലോ, പോലീസ് സ്റ്റേഷനിലോ 1098 ടോൾഫ്രീ നമ്പരായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ചൈൽഡ് ലൈനിലോ വിളിച്ച് അറിയിക്കാവുന്നതാണ്. പരിശോധനാവേളയിൽ കുട്ടികളെ മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ ഏൽപ്പിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഈ സർക്കാർ അധികാരമേറ്റ ശേഷം ബാലവേല സംബന്ധിച്ച് എത്ര കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റശേഷം പത്തനംതിട്ട, കണ്ണൂർ ജില്ലകളിൽ ഓരോ കേസ്സും ആലപ്പുഴയിൽ പിടിക്കപ്പെട്ട രണ്ട് കേസുകളിലെ കുട്ടികളെ ചൈൽഡ് ഹോമിനും തൃശ്ശൂരിൽ പിടിക്കപ്പെട്ട ഒരു കേസ്സിലെ കുട്ടിയെ ചൈൽഡ്ലൈനിനും കൈമാറിയിട്ടുണ്ട്. |

| | |
|---|---|
| (സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന് ഹോട്ടലുകളിലും വീടുകളിലും ജോലി ചെയ്യിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോചിപ്പിച്ച കുട്ടികൾ എല്ലാപേരും അന്യസംസ്ഥാനത്തു നിന്നുളളവരാണ്. |
| (ഡി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | (ഡി) ബാലവേലയുടെ പരിണിത ഫലങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ എല്ലാ ജില്ലകളിലും പ്രഗത്ഭരായ വ്യക്തികളെക്കൊണ്ട് ബോധവത്കരണ ക്ലാസ്സുകൾ/സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും ഇത്തരം ക്ലാസ്സുകൾ/സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ ജനശ്രദ്ധയാകർഷിക്കാൻ ബാലവേലയ്ക്കെതിരായ സന്ദേശങ്ങളടങ്ങുന്ന ഫ്ളെക്സുകളും, ബാനറുകളും, ഡയസിലും സെമിനാർ ഹാളിലേയ്ക്കുള്ള കവാടങ്ങളിലും പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന തൊഴിൽ വകുപ്പും സാമൂഹ്യനീതി വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും ജില്ലാ ഭരണകൂടവുമായി സഹകരിച്ച് സംയുക്തമായി ബാലവേല നിരോധനത്തിനായി ബോധവത്കരണ ക്യാമ്പുകളും തെരുവു നാടകങ്ങളും അവതരിപ്പിച്ചു വരുന്നു. ബാലവേല നിരോധന നിയമപ്രകാരം തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-2)-നെ പരിശോധന ഉദ്യോഗസ്ഥരായി നിയമിച്ചിട്ടുണ്ട്. 14 വയസ്സിന് താഴെ പ്രായമുളള കുട്ടികളെ സ്കൂളിൽ അയയ്ക്കാതെ ആരെങ്കിലും ഹോട്ടൽ ജോലികൾക്കും വീട്ടുജോലികൾക്കും കഠിനമായി തൊഴിൽ മേഖലകളിൽ പണിയെടുപ്പിക്കുന്നുവെങ്കിൽ ആ വിവരങ്ങൾ തൊഴിൽ വകുപ്പിലോ, പോലീസ് സ്റ്റേഷനിലോ 1098 ടോൾഫ്രീ നമ്പരായി 24 മണിക്കൂർ പ്രവർത്തിക്കുന്ന ചൈൽഡ് ലൈനിലോ വിളിച്ച് അറിയിക്കാവുന്നതാണ്. പരിശോധനാവേളയിൽ കുട്ടികളെ മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ ഏൽപ്പിക്കുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ..